


**Chicago Knanaya Catholic Parish Bulletin**
Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630
February 15, 2009, Vol. 4, Issue 21
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# GIVE GOD THE GLORY

A curious feature of the first half of Mark's Gospel is the pattern of Jesus working a miracle, then telling the recipient of the miracle to keep still about it. Many theories have been offered: Mark is setting the stage for the great "secret" revealed when Peter will proclaim Jesus the Messiah at Caesarea Philippi; more skeptical commentators offer that Jesus, fully aware of human nature, knew that the way to spread the news was to tell people to keep it secret.

The insight into this secret-keeping that serves us well, however, is that Jesus was initiating his public ministry according to the pattern that Paul describes: he was doing it for the glory of God—not for his own benefit, but for that of all. Paul would later write in Philippians that Jesus "humbled" himself to become like us. And we see this humility at work in today's healing of the leper. Jesus is trying to reveal the presence of God's reign among the people, not so that he himself might receive the glory, but so that God would be glorified through him. Imitating this pattern, which Paul encourages the Jewish and Greek Christian factions in Corinth to do, still serves us well today.

© Copyright, J. S. Paluch Co.

# ദൈവദാസൻ മാർ മത്തായി മാക്കീൽ മെത്രാൻ

1851 മാർച്ച് 27ന് കോട്ടയം ജില്ലയിലെ മാഞ്ഞൂർ മാക്കീൽ പുത്തൻപുരയിൽ തൊമ്മൻ-അന്ന ദമ്പതികളുടെ മകനായി ജനിച്ചു. ഇളംപ്രായത്തിൽതന്നെ പൗരോഹിത്യ ശുശ്രൂഷയ്ക്കുള്ള ആഗ്രഹം മത്തായിക്കുഞ്ഞിൽ ജനിച്ചിരുന്നു. ഇതേ തുടർന്ന് 1865ൽ മാന്നാനം കൊവേന്ത സെമിനാരിയിൽ ചേർന്ന് സുറിയാനി പഠനം ആരംഭിച്ചു. 1866ൽ വരാപ്പുഴ പുത്തൻപള്ളി സെമിനാരി സ്ഥാപിച്ചപ്പോൾ അവിടേയ്ക്കു മാറി. 1874 മെയ് 30ന് പൗരോഹിത്യം സ്വീകരിച്ചു.



തുടർന്ന് പുത്തൻപള്ളി സെമിനാരിയിലും ബ്രഹ്മമംഗലം സെമിനാരിയിലും അദ്ധ്യാപകനായും സമീപ പള്ളികളിലെ വികാരിയുമായി പൗരോഹിത്യത്തിന്റെ ആദ്യ വർഷങ്ങൾ സേവനമനുഷ്ഠിച്ചു. പിന്നീട് കൈപ്പുഴ, ഇടയ്ക്കാട്ട് എന്നിവിടങ്ങളിൽ പൗരോഹിത്യ ശുശ്രൂഷ നടത്തി.

ഈ അവസരത്തിൽ കേരളത്തിലെ സുറിയാനി കത്തോലിക്കരെ പൊതുവായി ഭരിച്ചിരുന്ന വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ മാർ മർസലിനോസ് ബെരാർദിയുടെ സെക്രട്ടറി സ്ഥാനത്തേയ്ക്ക് അദ്ദേഹം നിയമിക്കപ്പെട്ടു. ലത്തീൻ, ഇംഗ്ലീഷ് ഭാഷകൾ മികവോടെ കൈകാര്യം ചെയ്യാനുള്ള കഴിവാണ് യുവവൈദികനെ ഈ സ്ഥാനത്തിന് അർഹനാക്കിയത്. കൃത്യനിഷ്ഠ, ചുമതലാ ബോധം, സത്യസന്ധത എന്നിവയുടെ വിളനിലമായിരുന്ന മത്തായി അച്ചൻ വളരെ പെട്ടെന്ന് ഏവരുടെയും പ്രശംസയും സ്നേഹാദരവുകളും നേടി.

1887 മെയ് 20ന് തൃശ്ശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി നിയുക്തനായ ലവീഞ്ഞ് മെത്രാൻ, മത്തായി അച്ചനെ ബ്രഹ്മമംഗലം സെമിനാരി പ്രൊഫസറായി നിയമിച്ചു. അതോടൊപ്പം ബ്രഹ്മമംഗലം, കടുത്തുരുത്തി പള്ളികളുടെ വികാരിയായും പ്രവർത്തിച്ചു. 1889ൽ തെക്കുംഭാഗക്കാർക്കായുള്ള വികാരി ജനറാളായി മത്തായി അച്ചൻ നിയമിക്കപ്പെട്ടു.

വികാരി ജനറാളായിരിക്കെ ക്നാനായ സമുദായത്തിലെ സ്ത്രീകളുടെ സുകൃത ജീവിതം, സ്ത്രീ സമുദ്ധാരണം എന്നീ ലക്ഷ്യങ്ങൾക്കായി 1892 ജൂൺ 24ന് വിസിറ്റേഷൻ സന്യാസ സമൂഹം (എസ്.വി.എം.) ലവീഞ്ഞു പിതാവിന്റെ അനുമതിയോടെ സ്ഥാപിച്ചു.

തൃശ്ശൂർ, കോട്ടയം വികാരിയാത്തുകൾ പുനർവിഭജിച്ച് തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി വികാരിയാത്തുകൾ സ്ഥാപിക്കുകയും അവയ്ക്ക് തദ്ദേശീയ മെത്രാന്മാരെ നല്കുകയും ചെയ്തപ്പോൾ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായി മാർ മത്തായി മാക്കീലിനെയാണ് നിയമിച്ചത്.

നീണ്ട 15 വർഷം അദ്ദേഹം ചങ്ങനാശേരി വികാരിയാത്തിന്റെ ഭരണം സ്തുത്യർഹമായി നിർവ്വഹിച്ചു. സ്വന്തമായി അനുഭവ ജ്ഞാനത്തിന്റെയും പ്രായോഗിക പരിചയത്തിന്റെയും അടിസ്ഥാനത്തിൽ രൂപതാ ഭരണക്രമം സംബന്ധിച്ച് സമഗ്രമായ നിയമങ്ങളും ചട്ടങ്ങളും കല്പനകളും ഉൾക്കൊള്ളുന്ന സുപ്രധാനമായ ഒരു ദെക്രെത്ത് മാക്കീൽ പിതാവ് പ്രസിദ്ധപ്പെടുത്തി. സുറിയാനി സഭയുടെ രൂപീകരണത്തിനുവേണ്ടി എഴുതപ്പെട്ട കേരള സഭയിലെ ആദ്യ നിയമ സംഹിതയാണിത്. ആഗോള സഭയ്ക്കുവേണ്ടി പൗരസ്ത്യ കാനൻ നിയമം നിലവിൽ വരുന്നതുവരെ സീറോ

*(Continued on page 4)*

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

February 2009

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |

# Schedule of Events

### SATURDAY, FEBRUARY 14, 2009

Holy Mass and Novena at 10:00 A.M.

### SUNDAY, FEBRUARY 15, 2009

Holy Mass and Religious Education at 10:00 A.M.
Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 12:00 Noon.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### THURSDAY, FEBRUARY 19, 2009

Holy Mass & Novena at Community Center at 7:00 P.M.

### FRIDAY, FEBRUARY 20, 2009

All souls Day according to Syro-Malabar Rite.
Holy Mass and Novena of St. Michael at Maywood at 7:00 P.M. **Common Office after Holy Mass.**
Little Flower Koodarayogam at Jomon Thekkepparabil's house.

### SATURDAY, FEBRUARY 21, 2009

Holy Mass and Novena at 10:00 A.M.

### SUNDAY, FEBRUARY 22, 2009

9:30 A.M. Morning Prayers followed by Holy Mass at 10:00 A.M. in Malankara Rite by **Bishop Joseph Mar Thomas** at Maywood in remembrance of Late Knanaya Bishop Thomas Mar Dioscoros. Parishioners of Syro-Malankara Church of Chicago will also participate in this Mass.

Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 12:00 Noon in the parish hall.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M
Glenview Koodara Yogam at Johny Thekkepparambil's House.

### MONDAY, FEBRUARY 23, 2009

വിഭ്രുതി / കുരിശുവര തിരുന്നാൾ സീറോ മലബാർ
മേവുഡിൽ വൈകുന്നേരം 7:00 ന് കുർബാനയും ശുശ്രൂഷയും.
ഉപവാസവും മാംസ വർജ്ജനവും.

### WEDNESDAY, FEBRUARY 25, 2009

വിഭ്രുതി / കുരിശുവര തിരുന്നാൾ ലത്തീൻ സഭ
കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 7:00 ന് കുർബാനയും നൊവേനയും പ്രത്യേക ശുശ്രൂഷയും.
ഉപവാസവും മാംസ വർജ്ജനവും.

### THURSDAY, FEBRUARY 26, 2009

No service at Community Center today.

### FRIDAY, FEBRUARY 27, 2009

Holy Mass and Way of the Cross at Maywood at 7:00 P.M.

### SATURDAY, FEBRUARY 28, 2009

Holy Mass and Novena at 10:00 A.M.
**Religious Education Festival at 6:00 P.M.** at Glenbard East High School, 1014 South Main St., Lombard, IL 60148. Inauguration: **Mar Jacob Angadiath**

### SUNDAY, MARCH 1, 2009

**Feast Celebration of St. Sebastian by former Peroor Parishioners at Maywood at 10:00 A.M.**
No English Mass and Religious Education Class at Maywood and OLV today.



# വികാരിയുടെ സന്ദേശം

## സെന്റ് മേരീസ് പള്ളിയെക്കുറിച്ചുള്ള എന്റെ സ്വപ്നം.

എന്റെ പ്രിയ സഹോദരങ്ങളേ,

അസാധാരണമായി നൊന്തു പ്രസവിച്ച ആദ്യകുട്ടിയോടുള്ള അമിത വാത്സല്യമാണ് എനിക്കു മേവുഡ് പള്ളിയോടുള്ളത്. വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കരെ സഭാത്മകമായ സുബോധത്തിലേയ്ക്കു കൊണ്ടുവരുന്ന ജ്യേഷ്ഠ സഹോദരനാണത്. ആ അർത്ഥത്തിൽ മേവുഡ് പള്ളിയുടെ പ്രാധാന്യം എക്കാലവും നിലനില്ക്കും. വടക്കേ അമേരിക്കയിലെ ക്നാനായ ചരിത്രത്തിലെ വഴിത്തിരിവിനു കാരണമാക്കിയ ഈ ഇടവക പള്ളിയെ ആർക്കും ഒരിക്കലും വിസ്മരിക്കാനാവില്ല.

ക്നാനായ സഭാ ചരിത്രത്തിൽ മേവുഡ് പള്ളിയ്ക്കുള്ള മറ്റൊരു പ്രത്യേകത നമ്മുടെ സമുദായത്തിൽ വിലയ്ക്കുവാങ്ങിയ ആദ്യത്തെ പള്ളിയാണിത്. എല്ലാവരും ദൈവത്തിന്റെ ഛായയിലും സദൃശ്യത്തിലുമുള്ളവരാണെങ്കിലും ദത്തെടുക്കുന്ന കുട്ടിയ്ക്ക് വളർത്തു പിതാവിന്റെ ജീൻസ് ഉണ്ടാകില്ല. ആ പരിമിതി മേവുഡ് പള്ളിയ്ക്കുമുണ്ടായി. ലത്തീൻ സഭയുടെ ആരാധനാ ക്രമ പ്രകാരം നിർമ്മിക്കപ്പെട്ട ആ പള്ളിയ്ക്ക് നമ്മുടെ സീറോമലബാർ ആരാധനാ ക്രമ പ്രകാരമുള്ള രൂപഭാവങ്ങൾ കൊടുക്കുവാൻ നാം നന്നേ പാടുപെട്ടു. പൂർണ്ണത നേടാനായില്ലെങ്കിലും ഒരു പരിധിവരെ നാം അതിൽ വിജയിച്ചു.

നാം സ്ഥലം വാങ്ങി സ്വന്തമായൊരു പള്ളി പണിയുമ്പോൾ നമ്മുടെ ആരാധനാ ക്രമപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചും അര നൂറ്റാണ്ടെങ്കിലും മുന്നോട്ടു കണ്ടുമായിരിക്കണം അതു സംവിധാനം ചെയ്യുന്നത്. താല്ക്കാലിക ധന ലാഭത്തിനുവേണ്ടി വീണ്ടുവിചാരമില്ലാതെയും തിരക്കു കൂട്ടിയും പള്ളി പണിതാൽ ഭാവിയിൽ നാം പശ്ചാത്തപിക്കേണ്ടിവരും.

ഹോഫ്മാനിൽ നമ്മുടെ സമുദായത്തിന് ഇപ്പോൾ വാങ്ങുന്ന തുൾപ്പെടെ ഒൻപതര ഏക്കർ സ്ഥലം ഉള്ളതിനാലും ഇനിയും കൂടുതൽ സ്ഥലം വാങ്ങുവാൻ സാധ്യത ഉള്ളതിനാലും ഭാവി വികസന സാധ്യത കണ്ടുകൊണ്ടാകണം നാം അവിടെ പള്ളി പണിയുവാൻ. പിരിവു കുറയുമെന്ന ഭയന്ന് പള്ളിയുടെ വലിപ്പം കുറച്ചുകൊണ്ടോ സിറ്റിയെ ബോധ്യപ്പെടുത്തി പാർക്കിംഗ് സൗകര്യം കുറച്ചുകൊണ്ടോ നമുക്കു നേട്ടമല്ല കോട്ടമാണുണ്ടാകുക. പള്ളിയ്ക്കും പള്ളിയുടെ ഹാൾവേയ്ക്കും ന്യായമായ വലിപ്പം ഉറപ്പുവരുത്തുവാനും ക്രിസ്തുമസ്, ഈസ്റ്റർ, തിരുന്നാൾ തുടങ്ങിയ അവസരങ്ങളിൽ ഹാൾവേയിൽനിന്നുകൂടി തിരുക്കർമ്മങ്ങളിൽ സംബന്ധിക്കത്തക്കവിധം ഗ്ലാസിട്ട ഭിത്തികൾ നാം സ്ഥാപിക്കണം. അത്തരം അവസരങ്ങളിലും പാർക്കിംഗിന് അസൗകര്യം ഉണ്ടാകാത്ത വിധം പള്ളിയ്ക്കും കെ.സി.എസിനും ആവശ്യമായ പാർക്കിംഗ് സൗകര്യം നാം ഉറപ്പാക്കണം.

വിവാഹം, മാമ്മോദീസാ തുടങ്ങിയ വിശേഷാവസരങ്ങളിൽ നമ്മുടെ യുവതീയുവാക്കൾ സൗന്ദര്യമേറിയ മറ്റു പള്ളികൾ തേടി പോകുന്ന പ്രവണത ഒഴിവാകത്തക്കവിധം അവർക്കു കൂടി ആകർഷകമായ പള്ളിയായിരിക്കണം നാം സ്ഥാപിക്കുന്നത്. എന്നാൽ നമ്മുടെ ആരാധനാക്രമ പാരമ്പര്യത്തിനും ദൈവാലയ വിശുദ്ധിയ്ക്കും നിരക്കുന്ന വിധമായിരിക്കണം അതു സംവിധാനം ചെയ്യുന്നത്.

നമ്മുടെ നിലവാരത്തേക്കാൾ അമിതമായ ആർഭാടം പള്ളിയിൽ പാടില്ല. പകരം ആർഭാടം തേടിപോകുന്ന യുവതലമുറയ്ക്കും വരും തലമുറയ്ക്കും യഥാർത്ഥ മൂല്യങ്ങൾ നാം പകരണം. കൂദാശയ്ക്കുള്ള ഒരുക്കവും കൂദാശയുടെ കേന്ദ്രമായ ക്രിസ്തുവുമാണ് ദൈവാലയത്തിന്റെ ബാഹ്യ സൗന്ദര്യത്തേക്കാൾ പരമ പ്രധാനമെന്ന് നാമവരെ മനസ്സിലാക്കികൊടുക്കണം.

നമ്മുടെ രണ്ടാമത്തെ പള്ളിയ്ക്ക് ലോണോ കാലതാമസമോ വേണ്ടി വന്നാലും ആവശ്യത്തിനു വലിപ്പവും സൗകര്യവുമുള്ള പള്ളിയാകണം അത്. നമ്മുടെ ആരാധനാക്രമ പണ്ഡിതരുമായി ആലോചിച്ച് അതിന്റെ ഉൾവശം മുൻകൂട്ടി ഡിസൈൻ ചെയ്യണം. പള്ളിയിലെ തിരുക്കർമ്മങ്ങൾക്കു ശേഷം ഭക്ഷണം വിളമ്പുവാനും കഴിയ്ക്കുവാനും സോഷ്യലൈസേഷനും മതബോധന ക്ലാസ്സുകൾക്കും സൗകര്യമുണ്ടാകണം. അംഗവൈകല്യമുള്ളവർക്കും വയോജനങ്ങൾക്കും അത് സൗകര്യപ്രദമായിരിക്കണം. നമ്മുടെ സമുദായത്തിന് എക്കാലവും അഭിമാനിക്കാവുന്ന വിധം പള്ളി കമനീയമാക്കണം.

ദൈവമാതാവിന്റെ നാമത്തിൽ നാം നിർമ്മിക്കുവാനിരിക്കുന്ന പള്ളി നമ്മുടെ ആവശ്യങ്ങൾക്കും സ്വപ്നത്തിനുമനുസരിച്ച് സ്ഥാപിക്കുവാൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥവും തിരുഹൃദയത്തിന്റെ കൃപയും നമുക്കു തേടാം. ഈ നിർമ്മാണത്തിൽ നമ്മുടെ കുട്ടികളേയും യുവജനങ്ങളേയും നമുക്കു പങ്കുകാരാക്കാം.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം

അൻപതു കൊല്ലത്തിനകം
പൊളിച്ചു പണിയേണ്ട
ഗതികേട് നമ്മുടെ പുതിയ
പള്ളിയ്ക്കുണ്ടാകരുത്.



## ഹോഫ്മാനിൽ രണ്ടാമത്തെ പള്ളി

നമ്മുടെ സെന്റ് മേരീസ് ദൈവാലയത്തിനുവേണ്ടി ഹോഫ്മാൻ എസ്റ്റേറ്റ്സിൽ കെ.സി.എസിന്റെ സ്ഥലത്തോടു ചേർന്നു നാം പുതുതായി വാങ്ങുന്ന സ്ഥലത്തിന്റെ ക്ലോസിംഗ് ഫെബ്രുവരിയിൽ നടത്തേണ്ടതിനാൽ എല്ലാവരും എത്രയും വേഗം ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*(Continued from page 1)*

മലബാർ സഭയിൽ നിലനിന്ന നിയമാവലികളെല്ലാം മാക്കീൽ പിതാവിന്റെ ദെക്രെത്ത് പുസ്തകത്തോട് കടപ്പെട്ടിരിക്കുന്നു.

ഏകീകൃത വേദോപദേശ സംക്ഷേപം തയ്യാറാക്കാനും പുരാതനപ്പാട്ടുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കാനും മാക്കീൽ പിതാവ് പ്രത്യേക തല്പര്യമെടുത്തു.

നൂറ്റാണ്ടുകളായി തനിമയിൽ പുലരുന്ന ക്നാനായ ജനതയ്ക്ക് സ്വന്തമായി ഒരു രൂപത വേണമെന്ന വലിയ ആഗ്രഹവുമായി 1911 മെയ് 25ന് പുണ്യസ്മരണാർഹനായ പത്താം പീയൂസ് മാർപാപ്പായെ നേരിൽകണ്ട് സംസാരിക്കുകയും കേരളത്തിൽ അന്നുണ്ടായിരുന്ന മൂന്നു മെത്രാന്മാരും സംയുക്തമായി ഒപ്പിട്ട നിവേദനം നല്കുകയും ചെയ്തു. 1911 ഓഗസ്റ്റ് 29ന് പത്താം പീയൂസ് മാർപാപ്പാ കോട്ടയം രൂപത ക്നാനായക്കാർക്ക് മാത്രമായി അനുവദിച്ചുകൊണ്ടുള്ള 'ഇൻ യൂണിവേഴ്സി ക്രിസ്ത്യാനി' എന്ന തിരുവെഴുത്തിലൂടെ മാക്കീൽ മെത്രാനെ തെക്കുംഭാഗർക്കാർക്കുള്ള കോട്ടയം രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള ബൂളയും പുറപ്പെടുവിച്ചു.

ക്നാനായ ജനതയുടെ വലിയൊരു സ്വപ്നം അങ്ങനെ പൂവണിയുകയായിരുന്നു. 15 വർഷം ആത്മീയ ശുശ്രൂഷ നടത്തിയ ചങ്ങനാശേരി വികരിയാത്തിന് ഇന്ന് ദൈവദാസനായിരിക്കുന്ന കുര്യാളശേരി തോമസച്ചനെ മെത്രാനായി നിയമിക്കണമെന്ന് പരിശുദ്ധ സിംഹാസനത്തോട് മാക്കീൽ പിതാവ് ശക്തമായി ശിപാർശ ചെയ്തിരുന്നു. മികച്ച പിൻഗാമിയെ ഉറപ്പാക്കിയ ശേഷമാണ് ബാലാരിഷ്ടതകൾ നിറഞ്ഞ കോട്ടയം രൂപത ഏറ്റെടുക്കുവാൻ മാക്കീൽ പിതാവ് എത്തിയത്.

കണ്ണീരും രക്തവും നല്കി മാക്കീൽ പിതാവ് നട്ടുനനച്ച് വളർത്തിയ കോട്ടയം രൂപതയെ മൂന്നുവർഷം ശുശ്രൂഷിക്കാനേ മാക്കീൽപിതാവിനു കഴിഞ്ഞുള്ളൂ. രോഗബാധയെ തുടർന്ന് 1914 ജനുവരി 26ന് മാക്കീൽ പിതാവ് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. മാക്കീൽ പിതാവിന്റെ മരണവാർത്തയറിഞ്ഞ് പത്താം പിയൂസ് മാർപാപ്പാ കോട്ടയം രൂപതയ്ക്ക് അയച്ച അനുശോചന സന്ദേശത്തിൽ എഴുതി: "മാക്കീൽ മാർ മത്തായി മെത്രാൻ പ്രായാധിക്യത്താലല്ല, പുണ്യവർധനവിന്റെ കൂടുതൽ ഭാരത്താൽ നമ്മുടെ കർത്താവിൽ നിദ്ര പ്രാപിച്ചു."



The team that went to meet Pope Pius X requesting to establish Knanaya Diocese of Kottayam: Mar Mathew Makil, Fr. Mathew Vattakalam, Fr. Chandy Choolaparambil (later Bishop of Kottayam).



Bishops who signed the petition requesting Kottayam Diocese for the Knanaya Catholics: Mar Luis Pazheparambil (Ernakulam) , Mar Mathew Makil (Changanacherry), and Mar James Menacherry (Trichur).



Beginning of Knanaya Catholic Mission of Tampa. Mission Director Rev. Fr. Abraham Mutholath reading Bishop's decree establishing the mission. Rev. Fr. James Kudilil was concelebrant.

## കുരിശുവര തിരുന്നാൾ



**ഫെബ്രുവരി 23 തിങ്കളാഴ്ച**

**ഇടവക മേവുഡിൽ വൈകുന്നേരം 7:00 ന്**

(സീറോ മലബാർ പാരമ്പര്യമനുസരിച്ച് ഈ ദിവസം നോമ്പ് ആരംഭിക്കുന്നവർ ഞായറാഴ്ചകളിൽ നോമ്പ് നോക്കേണ്ടതില്ല).

**ഫെബ്രുവരി 25 ബുധനാഴ്ച**

**കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 7:00ന്.**

ഫെബ്രുവരി 26ലേതിനുപകരം ഇന്നു യൂദാശ്ലീഹായുടെ നൊവേനയും വാഴ്വും ഉണ്ടായിരിക്കും.

(ലത്തീൻ പാരമ്പര്യമനുസരിച്ച് ഈ ദിവസം നോമ്പ് ആരംഭിക്കുന്നവർ ഞായറാഴ്ചകളിൽ നോമ്പ് നോക്കേണ്ടതാണ്).

## വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുന്നാൾ



മാർച്ച് 1 ഞായർ രാവിലെ
10:00ന് മേവുഡ് പള്ളിയിൽ.

ലദീഞ്ഞ്
പാട്ടു കുർബ്ബാന
പ്രസംഗം
കഴുന്ന് എഴുന്നള്ളിയ്ക്കൽ

പ്രസുദേന്തിമാർ:
മുൻ പേത്രൂർ ഇടവകാംഗങ്ങൾ.

## ONE DAY YOUTH RETREAT
## On Saturday April 4, 2009

At Techny Towers,



2001 Waukegan Road,
Northbrook, IL 60062

7:00 A.M. to 9:00 P.M.
Mark Nemo and team.

All youth are welcome.

## RELIGIOUS EDUCATION FESTIVAL

On Saturday February 28th at 6:00 P.M.
Glenbard East High School,
1014 South Main St., Lombard, IL 60148.
Inauguration: **Bishop Mar Jacob Angadiath.**





**Theme:**
**"To God Through Saints"**

Preparations are in progress.

## Photos of declaration of the two Servants of God at Christ the King Cathedral, Kottayam on January 26, 2009.










## PASSION PLAY TOUR TO MUNSTER, INDIANA

**340 W. 45th Street, Munster, IN 46321.**



Various ministries of our Parish are organizing a tour to attend JESUS OF NAZARETH, a live passion play at Munster, Indiana directed by Steve Munsey. The program we attend will be on Saturday April 4th at 3:00 P.M. That is the eve of Palm Sunday to prepare ourselves for the Holy Week. Early registration is needed for discount rate and assure seat availability.

*"Steve Munsey is an international author, speaker, and personality well known for his cutting-edge skills in the performing arts. His heartbeat is soul winning, and his stage productions are being used as Kingdom tools both locally and around the world. Steve Munsey wrote the Passion play, Jesus of Nazareth, when he was nineteen years old. Jesus of Nazareth is featured on a beautiful, nearly 100ft wide permanent set of old Jerusalem. Steve directs over 2,000 cast and crew bringing to life the story of Jesus Christ. Viewers experience a variety of unique highlights such as live camels and horses, waterfalls, fire-works, explosions, and electrifying aerial stunts."*

**Please make this a family event to prepare us spiritually for the Holy Week.**

Please register with the coordinators: Reethamma Accathara, Thankamma Nediyakalayil, Regy Idiyalil, Gracy Vachachira, Sunil Vettathukandathil, or Saly Kizhakkekuttu. Registration Fees is to be paid in advance. You may arrange your own transportation.

## For Favors Received



**- Suja & Cyril Kattapuram**

## For Favors Received



**- Suja & Cyril Kattapuram**

## 10th Anniversary
## 02-18-2009

In loving memory of



**K.J. Mathai**
**Kannothara, Peroor**

## READERS / LECTORS    ദനഹാക്കാലം

| February 15 | PASSAGE | MALAYALAM | ENGLISH | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Leviticus 13:1-2, 44-46 | Philip Kannothara | Albin Mutholam | Tobin Kulangara |
| 2nd Reading | 1 Corinth. 10:31 — 11:1 | Shirley Vanchipurackal | Jensine Pottore | James Mundaplackil |
| Gospel | Mark 1:40-45 | *The leprosy left him immediately, and he was made clean.* | | |
| February 22 | | | | |
| 1st Reading | Isaiah 43:18-19, 21-25 | Thomas Virithikulangara | Akhila Kocheril | Tezen Panayaparampil |
| 2nd Reading | 2 Corinthians 1:18-22 | Theresa Mathew | Jake Perikalathil | Neil Edat |
| Gospel | Mark 2:1-12 | *The Son of Man has authority on earth to forgive sins.* | | |



## വാർഷിക ധ്യാനം

നയിക്കുന്നത്:

**കുളത്തുവയൽ റ്റീം**

ഫാ. ജോസ് നരിളുക്കിയിൽ

സി. റ്റെസ്സിൻ

സി. മാർഗരറ്റ്

എല്ലാദിവസവും രോഗശാന്തി ശുശ്രൂഷയും ആരാധനയും.

മാർച്ച് 26 വ്യാഴാഴ്ച കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 6:30ന് കുർബ്ബാനയും നൊവേനയും തുടർന്ന് ധ്യാന പ്രസംഗം 9:30 വരെ.

മാർച്ച് 27 വെള്ളിയാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്ന് രാത്രി 9:00 വരെ ധ്യാന പ്രസംഗം. വൈകുന്നേരം 7:00ന് കുർബാന.

മാർച്ച് 28 ശനിയാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്ന് രാത്രി 9:00 വരെ ധ്യാന പ്രസംഗം. ഉച്ചകഴിഞ്ഞ് കുമ്പസാരം.

മാർച്ച് 29 ഞായറാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്ന് രാത്രി 8:00 വരെ ധ്യാന പ്രസംഗം.

മാർച്ച് 29 ഞായറാഴ്ച വൈകുന്നേരം 4:30 മുതൽ 8:00 വരെ ഓ.എൽ.വി.യിൽ ധ്യാന പ്രസംഗം. 5:30ന് കുർബ്ബാന. മതബോധന ക്ലാസ്സുകൾ പതിവ് സമയത്ത് ഉണ്ടായിരിക്കും.

## ആഘോഷമായ മലങ്കര കുർബ്ബാന



MOST REV. THOMAS MAR DIOSCOROSE METROPOLITAN
OTTATHYCKAL



Bishop Joseph Mar Thomas

തോമസ് മോർ ദീയോസ്കോറസ് തിരുമേനിയുടെ അനുസ്മരണയ്ക്കായി ഷിക്കാഗോ മലങ്കര ഇടവകയുമായി സഹകരിച്ച് ഫെബ്രുവരി 22 ഞായറാഴ്ച രാവിലെ 9:30 ന് നമ്മുടെ പള്ളിയിൽ സീറോ മലങ്കര റീത്തിൽ ബിഷപ്പ് ജോസഫ് മാർ തോമസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ പ്രഭാത പ്രാർത്ഥനയും തുടർന്ന് ദിവ്യബലിയും ഉണ്ടായിരിക്കും. മതബോധന ക്ലാസ് 10:00 ന് ആരംഭിക്കും.


## Jacob's Food & Groceries

579-581 n. York Road, Elmhurst, IL 60126
Call Biju James Poothura @ 630-833-8072
**FRESH & FROZEN MEAT, FISH, VEGETABLE, SPICES & SNACKS.**
കൂടാതെ എല്ലാവിധ കേരളീയ ഭക്ഷണ സാധനങ്ങളും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10 മുതൽ രാത്രി 8 വരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.
**Tamil, Hindi & Malayalam Movies Available Here**


PLEASE SUPPORT OUR ADVERTISERS WHO HELP US TO PUBLISH THIS BULLETIN.





YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

## For All Your Tax Services

**Free Electronic Filing & Fast Refund**
**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**
**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

## Loan Consultant

CITYWIDE JMW REALTY INC.
**Cell: 847-276-7354**
**Sabu Madathiparambil**
**Citywide Mortgage of America Corp.**
**sabuaphilip@hotmail.com**
**Home: 847-918-0242**
Illinois Residential Mortgage Licensee
Equal Housing Lender



*Best compliments from The Mutholath Family*



**Pro-Rehab Services, P.C.**
**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487, www.pro-rehabservices.com

**Choicecare Home Health, Inc.**
**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, www.choicecarehh.com

Medicare Certified, most insurance accepted.

